ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: പുതിയ സ്കീം നടപ്പിലാകുമ്പോഴും ഈ പദ്ധതി ആവശ്യമായി വരികയില്ല എന്നാണ് സാങ്കേതിക വിദഗ്ദ്ധന്മാരുടെ റിപ്പോർട്ട്. ഈ പദ്ധതികൊണ്ട് മുഴുവൻ ഫലവും ഉണ്ടാകുമോ എന്നുള്ളതു് രണ്ടാമതു് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പരമമായ തീരുമാനം എടുത്തു കഴിഞ്ഞിട്ടില്ല.

ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിയമനം

* 218 [774] ശ്രീ. പി. എസ്സ്. ശ്രീനിവാസൻ:
,, എം. കെ. ദിവാകരൻ:
,, ടി. എ. മജീദ്: } താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത മന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാതെയും, അപേക്ഷ ക്ഷണിക്കാതെയും ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിയമനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേരെ;

(സി) ഇങ്ങനെ നിയമിക്കുന്നതിനുള്ള കാരണമെന്തു്;

(ഡി) ഇതേവരെ നിയമിക്കപ്പെട്ടിട്ടുള്ള ഡ്രൈവറന്മാരിലും കണ്ടക്ടർമാരിലും 240 ദിവസം പ്രതിവർഷം ജോലി ലഭിക്കാത്ത എത്ര പേരുണ്ടു്;

(ഇ) ഇതിൽ എത്രകാലംവരെ പഴക്കമുള്ളവർ ഉണ്ടു്;

(എഫ്) ഇവർക്കു് വേണ്ടത്ര ജോലി കൊടുക്കുവാൻ കഴിയാത്തതെന്തു്;

(ജി) കൂടുതൽ ബസ്സുകൾ ഇല്ലാത്തതാണു് കാരണമെങ്കിൽ ഇവർക്കു് പൂർണ്ണതോതിൽ ജോലി നൽകാൻ എത്ര ബസ്സുകൾ അധികമായി വേണ്ടിവരും ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ):

(എ) ഉണ്ടു്.

(ബി) 243.

(സി) മുമ്പു് തിരഞ്ഞെടുത്തവരുടെ ലിസ്റ്റു് അവസാനിച്ചാൽ വീണ്ടും അപേക്ഷ ക്ഷണിക്കുകയും പുതിയ ലിസ്റ്റു് പൂർത്തിയാകുന്നതിനുള്ള ഇടവേളയിൽ അടിയന്തിരമായി ഉളവായ തസ്തികകളിൽ താൽക്കാലികമായ അടിസ്ഥാനത്തിൽ നിയമിക്കേണ്ടിവന്നതാണു്.

(ഡി) വ്യക്തമായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. വിശദവിവരം ശേഖരിച്ചുവരുന്നു.

(ഇ) ഈ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) വേണ്ടത്ര ജോലികൾ കൊടുക്കുന്നുണ്ടു്.

(ജി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാതെയും അപേക്ഷ ക്ഷണിക്കാതെയും 243 പേരെ നിയമിച്ചു എന്നു പറയുകയുണ്ടായി. അവരെ എംപ്ലോയ്മെന്റു് എക്സ്ചേഞ്ചു് മുഖേനയാണോ എടുത്തിട്ടുള്ളതു്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: എംപ്ലോയ്മെന്റു് എക്സ്ചേഞ്ചു മുഖേനയല്ല. പ്രത്യേകമായി അപേക്ഷിച്ചിരുന്ന ആളുകളുടെ ലിസ്റ്റിൽനിന്നുമുള്ള ആളുകളെയാണു് നിയമിച്ചിരിക്കുന്നതു്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: അപേക്ഷ അയച്ചിട്ടുള്ള ആളുകളിൽ നിന്നു് ഇഷ്ടംപോലെ നിയമിച്ചു എന്നാണോ പറയുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് എടുക്കുന്ന സംപ്രദായം അടുത്തകാലത്തായി ഇല്ല. ഈ കാലഘട്ടത്തിനിടയ്ക്കുതന്നെ നോട്ടിഫിക്കേഷൻ അയച്ചിരുന്നു. അങ്ങനെ കുറെ ആളുകളെ അപേക്ഷ അയച്ചിരുന്നു. അതിൽനിന്നും കുറേപ്പേരെ താൽക്കാലികമായി നിയമിക്കുകയാണ് ചെയ്തത്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: സമയദൗർലഭ്യം കൊണ്ടാണ് അടിയന്തിരമായി നിയമിക്കേണ്ടിവന്നതെന്നു പറഞ്ഞു. ബോർഡിൽനിന്നും സെലക്ഷൻ നടത്തുമ്പോൾ മുൻകൂറായ വ്യക്തമായ ചില ധാരണകളുടെ അടിസ്ഥാനത്തിലല്ലേ സെലക്ഷൻ നടത്തുന്നത്. അടുത്ത കൊല്ലത്തേക്കു് എത്ര വേക്കൻസികൾ കാണും എന്നുള്ള ധാരണയുണ്ടെങ്കിൽ സമയ ദൗർലഭ്യം ഒരു പ്രശ്നമായി വരുന്നതെങ്ങനെയാണ്; ഇതൊന്നു വിശദീകരിച്ചാൽകൊള്ളാം?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇപ്പോഴത്തന്നെ ആവശ്യമുള്ളതിൽ കവിഞ്ഞു് ആളുകളെ നിയമിക്കുന്നുണ്ട്. അതും തികയാതെവരുന്ന സന്ദർഭങ്ങളിലാണ് ഇങ്ങനെ ചെയ്യുന്നത്.

ശ്രീ. എൻ. കെ. ശേഷൻ: ഈ താൽക്കാലിക നിയമനങ്ങൾ റഗ്ലറൈസ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ താമസമെന്താണ്?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: 240 ദിവസം കഴിഞ്ഞാൽ റഗ്ലറൈസ് ചെയ്തിട്ട് എടുക്കുന്ന പട്ടികയിൽ ചേർക്കുന്നുണ്ട്.

ശ്രീ. കെ. കരുണാകരൻ: ഈ സഭയിൽതന്നെ ഇതിനുമുമ്പ് ഒരു ചോദ്യത്തിനു മറുപടിയായി ഒരാഴ്ചയിൽ ഒരു ദിവസത്തെ ജോലിപോലും കൊടുക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളതെന്നു പറയുകയുണ്ടായി. ആ നിലയിൽ ഉള്ള ജോലിക്കാർക്കുതന്നെ ജോലി കൊടുക്കാൻ സാദ്ധ്യതയില്ലാത്ത സാഹചര്യത്തിൽ യാതൊരു നോട്ടിഫിക്കേഷനും കൂടാതെ സാധാരണ സ്വീകരിക്കാറുള്ള നടപടിക്രമങ്ങൾ കൂടാതെയും ചെയ്തിട്ടുള്ളതു് ക്യാൻസൽ ചെയ്യാൻ ഗവണ്മെന്റ് സന്നദ്ധമാകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇപ്പോൾ ആവശ്യത്തിനു് ആളുകൾ ഇല്ലാഞ്ഞിട്ടാണ് എടുത്തതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബസ്സുകൾ ആവശ്യമായത്ര ഷെഡ്യൂൾ അനുസരിച്ചു് പല സ്ഥലത്തും ഓടുന്നില്ല. എറണാകുളത്തുനിന്നും ഇങ്ങനെ ഓടാത്തതിന്റെ കാരണം അന്വേഷിച്ചപ്പോൾ ഡ്രൈവറന്മാരുടെ ഷോർട്ടേജുകൊണ്ടാണെന്നു് അറിയാൻ കഴിഞ്ഞു. ഇങ്ങനെയുള്ള സ്ഥിതിയാണോ എല്ലാ സ്ഥലത്തും; ആവശ്യമായത്ര ഡ്രൈവേഴ്സ് ഉണ്ടോ; ഇതേപ്പറ്റി അന്വേഷിക്കുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: കഴിഞ്ഞ മാസത്തിൽ അങ്ങനെ ചില ആവലാതികൾ കിട്ടിയിരുന്നു. ഇതേപ്പറ്റി അന്വേഷിച്ചപ്പോൾ കുറെ ആളുകളെ കൂടി വേണമെന്നു കണ്ടു. അതനുസരിച്ചാണു് എടുത്തതു്.

ശ്രീ. കെ. കെ. കുമാരപിള്ള: അപേക്ഷ അയച്ചിട്ടുള്ള ആളുകളിൽ നിന്നാണു് തിരഞ്ഞെടുപ്പു നടത്തിയതെന്നു പറഞ്ഞു. ഇതിന്റെ അർത്ഥം ഉദ്യോഗങ്ങൾ എത്ര വരുമെന്നു തീരുമാനിച്ചു് അത്രയും സ്ഥാനങ്ങളിലേക്കു് അപേക്ഷ ക്ഷണിച്ചതിൽനിന്നും മുറപ്രകാരം മന്ത്രിയോ ചെയർമാനോ എടുക്കുന്നു എന്നാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇതു് ദുഃസൂചനയുള്ളതായതുകൊണ്ടു് മറുപടി പറയുന്നില്ല.

ഡെപ്യൂട്ടി സ്പീക്കർ: ചെയർമാനോ മന്ത്രിയോ മുഖ്യപ്രകാരമാണോ നിയമിച്ചതെന്നാണു് ചോദിച്ചതു്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അപേക്ഷ ക്ഷണിച്ചിട്ടുള്ള ആളുകളിൽ നിന്നും കുറെ ആളുകളെയാണു് എടുത്തതു്. അവരെ സ്ഥിരപ്പെടുത്തണമെന്നില്ല. റഗുലർ റിക്രൂട്ടുമെന്റു് വരുമ്പോഴും യോഗ്യതയനുസരിച്ചു് കുറെ ആളുകളെ എടുക്കുകയും ചിലരെ എടുക്കാതിരിക്കുകയും ചെയ്തിട്ടുണ്ടു്. ഇങ്ങനെയുള്ള ആളുകളിൽ നിന്നു് 240 ദിവസമായവരെ തിരഞ്ഞെടുക്കുന്നുണ്ടു്.

ശ്രീ. ജി. ഗോപിനാഥൻപിള്ള: 243 പേരെ തിരഞ്ഞെടുത്തു എന്നു പറഞ്ഞു. അതിൽ എത്രപേരെ റഗുലറൈസു ചെയ്യുകഴിഞ്ഞു?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അതിൽ 243 പേരെ റഗുലറൈസു് ചെയ്തിട്ടുണ്ടു്.

ശ്രീ. പി. എം. അബൂബേക്കർ: ട്രാൻസ്പോർട്ടു് കോർപ്പറേഷനിലേക്കു് ക്ലീനർമാരുടെ ഒഴിവിലേക്കു് നിയമിക്കുന്നതിനു് ഒഴിവു ദിവസമായ ഇന്നലെ ജനറൽ മാനേജരുടെ വീട്ടിൽവച്ചു് 100-ൽ ചിലപ്പാനം ആളുകളെ അപ്പോയിന്റു ചെയ്തു എന്നറിയുന്നതു ശരിയാണോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇൻറർവ്യൂ നടത്തിയിരിക്കാം. പക്ഷേ അതു് എവിടെവച്ചാണെന്നുള്ളതിനെ സംബന്ധിച്ചു് എനിക്കറിവില്ല.

ശ്രീ. കെ. എം. മാണി: 243 പേരെ കോർപ്പറേഷനിലേക്കു് നിയമിച്ചതു് അപേക്ഷ സമർപ്പിച്ചിരുന്നവരായിരുന്നോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അതു പറയാൻ ഒക്കുകയില്ല.

ശ്രീ. കെ. കരുണാകരൻ: സർ, ഇതിലെ ചോദ്യം നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാതെയും അപേക്ഷ ക്ഷണിക്കാതെയും ട്രാൻസ്പോർട്ട കോർപ്പറേഷനിൽ നിയമനം നടത്തിയിട്ടുണ്ടോ എന്നാണു്. അതിനു പറഞ്ഞതു് നടത്തിയിട്ടുണ്ടെന്നാണു്. ഇങ്ങനെ നിയമനങ്ങൾ നടത്തിയിട്ടുള്ളതു് ഏതു തസ്തികയിലേക്കാണു്. ഡ്രൈവർ, കണ്ടക്ടർ തുടങ്ങിയ തസ്തികയിലേക്കാണോ, അതോ മറ്റു വല്ല സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ള തസ്തികയിലേയ്ക്കുമാണോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഡ്രൈവർമാരേയും ക്ലീനർമാരേയും ആവശ്യമുണ്ടായിരുന്നു. ഇതു രണ്ടിലേക്കുമാണു് എടുത്തിട്ടുള്ളതു്.

ശ്രീ. കെ. കരുണാകരൻ: ഈ തസ്തികയിലുള്ള നിയമനങ്ങളെ സംബന്ധിച്ചിടത്തോളം എക്സസ് ഹാൻഡ്സ് ആണെന്നും അവർക്കു് ആഴ്ചയിലൊരിക്കൽ പോലും ജോലി കൊടുക്കാൻ സാധിക്കുന്നില്ലെന്നും ഈ സഭയിൽതന്നെ പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴുണ്ടായ പുതിയ റിക്രൂട്ടുമെൻറിന്റെ ആവശ്യമെന്താണു്; ഇതു് ക്യാൻസൽ ചെയ്യുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ക്യാൻസൽ ചെയ്യേണ്ട ആവശ്യമില്ല. ഡ്രൈവറന്മാർ പോരെന്നു വിവരം കിട്ടിയിട്ടാണു് ഡ്രൈവേഴ്സിനെ എടുക്കാൻ പറഞ്ഞതു്. മെക്കാനിക്കൽ സ്റ്റാഫിൽപ്പെട്ടവരാണു് ക്ലീനേഴ്സ്. എല്ലാ സ്ഥലങ്ങളിലും ആവശ്യത്തിനു് ഇല്ലാത്തതുകൊണ്ടാണു് കൂടുതലായി എടുത്തതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ. ശേഷൻ: കോർപ്പറേഷനിലെ നിയമനങ്ങൾ പി. എസ്. സി. ക്കു് വിട്ടുകൊടുക്കുമോ എന്നു ചോദിച്ചപ്പോൾ ഇതിനെ സംബന്ധിച്ചു തീരുമാനമെടുത്തിട്ടില്ലെന്നു് കഴിഞ്ഞ സെഷനിൽ പറയുകയുണ്ടായി. അങ്ങനെയൊരു തീരുമാനമെടുക്കുന്നതുവരെയെങ്കിലും ഇത്തരത്തിൽ അടിയന്തിരഘട്ടങ്ങളിൽ ഒഴിവു വരുകയാണെങ്കിൽ ആ ഒഴിവുകൾ നികത്താൻ ഇനിയെങ്കിലും എംപ്ലോയ്മെൻറിൽനിന്നും റിക്രൂട്ടുമെൻറു നടത്തി നീതി പുലർത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. കെ. അബു: താൽക്കാലികമായി കുറെപ്പേരെ എടുത്തു എന്നു പറഞ്ഞു. സ്ഥിരമായി ആളുകളെ എടുക്കുമ്പോൾ ഇങ്ങനെ താൽക്കാലികമായി എടുത്തവരെ ഒഴിവാക്കുക എന്നു പറഞ്ഞാൽ വിഷമമുണ്ടു്. അതുകൊണ്ടു് ആദ്യം നിയമിക്കുമ്പോൾത്തന്നെ മെരിറ്റിൻെറ അടിസ്ഥാനത്തിൽ നിയമിക്കുകയും സ്ഥിരപ്പെടുത്തുമ്പോൾ ഇവരെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ടെമ്പററിയായി എടുക്കുന്നവരെ പെർമനൻറായി നിയമിക്കണമെന്നു് ക്ലെയിം ചെയ്യാൻ അവകാശമില്ല. റഗുലർ റിക്രൂട്ടുമെൻറിൻെറ അവസരം വരുമ്പോൾ ഇവർക്കും അപേക്ഷിക്കാം. അതിൽ നിന്നും മെരിറ്റു നോക്കി നിയമിക്കുന്നതാണു്.

ശ്രീ. വി. വി. കുഞ്ഞമ്പു: ട്രാൻസ്ഫോർട്ടു് കാർപ്പറേഷനല്ലാതെ ഗവണ്മെൻറിൻെറ കീഴിലുള്ള മറേറതെങ്കിലും കോർപ്പറേഷനിലോ സ്ഥാപനങ്ങളിലോ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാതെയും അപേക്ഷ ക്ഷണിക്കാതെയും വല്ല നിയമനങ്ങളും നടത്തിയതായി ഗവണ്മെൻറിനറിയാമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഈ ചോദ്യങ്ങൾ ഒന്നും ഉദിക്കുന്നില്ല.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: ബഹുമാനപ്പെട്ട അബൂബേക്കറുടെ ചോദ്യത്തിനു മറുപടിയായി അവധി ദിവസത്തിൽ നിയമനം നടത്തിയതു് ആരാണെന്നു് അറിവില്ലെന്നു പറയുകയുണ്ടായി. കോർപ്പറേഷൻെറ നിയമനങ്ങളെ സംബന്ധിച്ചു് ഇൻറർവ്യൂ നടത്തേണ്ടതു് ആരാണെന്നും, നിയമിക്കേണ്ടതു് ആരാണെന്നും വ്യക്തമായ ചില നിബന്ധനകളില്ലേ; ഒഴിവു ദിവസങ്ങളിൽ റിക്രൂട്ടുമെൻറു് നടത്തുന്നതിനെ സംബന്ധിച്ചു് വ്യക്തമായ നിയമങ്ങളില്ലേ; ഇതിനെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മന്ത്രിക്കു് അറിവില്ലെന്നു പറഞ്ഞതു് ആലോചിച്ചിട്ടാണോ, ഇതിനെ സംബന്ധിച്ചു് ഒരു വിശദീകരണം നൽകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഏതുദ്യോഗസ്ഥനാണെന്നു് അറിവില്ല. പലർക്കും നടത്താം. ഇന്നലെ നടന്നിരിക്കാനിടയുള്ളതു് ക്ലീനേഴ്സിൻെറ ഇൻറർവ്യൂ ആണു്. അതു് ജനറൽ മാനേജർ നേരിട്ടു നടത്തിയിരിക്കുമെന്നു് ഞാൻ വിചാരിക്കുന്നില്ല. അദ്ദേഹമല്ല സാധാരണ ചെയ്യാറുള്ളതു്. മെക്കാനിക്കൽ വിംഗുകാരാണു് സെലക്ടു് ചെയ്തു. ഓർഡറോ മറേറാ വാങ്ങാനായിരിക്കും ജനറൽ മാനേജരെ കാണാൻ പോയിട്ടുണ്ടായിരിക്കുക.

ശ്രീ. കെ. എം. ജോർജ്ജു്: ചിലരെ സ്ഥിരപ്പെടുത്താതിരിക്കുകയും ചിലർക്കു് 240 ദിവസം ജോലി കിട്ടാതിരിക്കുകയും ചെയ്യുന്ന സ്ഥിതിക്കു് ഇപ്പോൾ ഇതൊന്നും നോക്കാതെ ചില ആളുകളെ എടുത്തു എന്നു പറയുന്നതു് എന്തടിസ്ഥാനത്തിലാണു്. ഇങ്ങനെ കുറേപ്പേരെ എടുക്കുകയും കുറേപ്പേരെ എടുക്കാതിരിക്കുകയും ചെയ്യുന്നതു് ഒരു കള്ളക്കളിയാണെന്നുള്ളതല്ലേ വസ്തുത?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, കള്ളക്കളി എന്നുള്ളതു് പിൻവലിക്കേണ്ടതാണു്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: എപ്പോഴും കള്ളക്കളിയെന്നു ജപിച്ചുകൊണ്ടിരിക്കുന്ന മാന്യ മെമ്പറിൽനിന്നു് വേറെ ചോദ്യം വരുകയില്ലെന്നു് ഞങ്ങൾക്കറിയാം.

ശ്രീ. കെ. എം. ജോർജ്ജു്: 240 ദിവസം ജോലിയെടുത്ത ആളുകളെ സ്ഥിരപ്പെടുത്താതെയുണ്ടു്. അപ്പോൾപ്പിന്നെ ആളുകൾ തികയാതെ വന്നു എന്നു പറയുന്നതിനകത്തു് എന്തോ മറിമായമുണ്ടെന്നാണു് ഞാൻ പറഞ്ഞതു്. 240 ദിവസം പണി എടുത്തവരെ സ്ഥിരപ്പെടുത്തണമെന്നു പറഞ്ഞു് സമരംവരെ നടക്കുന്നുണ്ടു്. അപ്പോൾപ്പിന്നെ ഇതിന്റെ പൊരുളെന്താണെന്നറിഞ്ഞാൽ കൊള്ളാം.?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: 240 ദിവസം ജോലി എടുത്തിട്ടുള്ള ആളുകളെ റഗുലറൈസു ചെയ്യുക എന്നുള്ള ഒരു സംപ്രദായമാണുള്ളതു്. റഗുലറൈസു ചെയ്ത പട്ടികയിൽ അവരുടെ പേരു് രജിസ്റ്റർ ചെയ്തിട്ടുണ്ടു്. ആ ലിസ്റ്റിൽനിന്നാണു് സ്ഥിരപ്പെടുത്തുന്നതു്. ഇങ്ങനെ സ്ഥിരപ്പെടുത്തുന്നതു് സ്ഥിരം സീറുകളിലേക്കായിരിക്കും. അതുകൊണ്ടു് സ്ഥിരം സീറുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ റിക്രൂട്ടു ചെയ്യുകയാണു്.

വെൽഫെയർ ഫണ്ടു്

* 219 [775] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യത്തിനു് തൊഴിൽമന്ത്രി സദയം മറുപടി നൽകുമോ :

കർഷകത്തൊഴിലാളികൾക്കു് ഒരു "വെൽഫെയർ ഫണ്ടു്" രൂപീകരിക്കാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

തൊഴിൽമന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ): തൽക്കാലം ഉദ്ദേശമില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: കാർഷികത്തൊഴിലാളികളേക്കാൾ കൂടുതൽ വരുമാനമുള്ള ആളുകൾക്കു് ഈ മാതിരിയുള്ള ക്ഷേമനിധി ഏർപ്പെടുത്താൻ തയ്യാറായിട്ടുള്ള ഗവണ്മെൻറു് നമ്മുടെ നാട്ടിലെ വരുമാനം കുറഞ്ഞവരും ജോലി എല്ലാ ദിവസവും കിട്ടാത്തവരുമായ കാർഷികത്തൊഴിലാളികൾക്കു് ഇത്തരം ഒരു ക്ഷേമനിധി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ലെന്നു പറയുന്നതിൽ താൽക്കാലികമായ പ്രത്യേക വല്ല കാരണവും ഉണ്ടോ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ: കാരണം പറയാൻ നിവൃത്തിയില്ല. അങ്ങനെയൊരു കാര്യം ആലോചിച്ചിട്ടില്ലെന്നു പറഞ്ഞാൽ ആലോചിക്കാത്തതിനു് കാരണം കണ്ടുപിടിക്കാൻ പ്രയാസമാണു്. അതിനു് പല പ്രതിബന്ധങ്ങളുമുണ്ടു്. ഒന്നാമതു് അവരുടെ ജോലിസ്വഭാവംകൊണ്ടും രണ്ടാമതു് വേതന വ്യവസ്ഥയിലുള്ള അഴിഞ്ഞ നിലവാരംകൊണ്ടും, വലിയൊരു ഫണ്ടുണ്ടാക്കത്തക്ക രീതിയിൽ കാർഷികത്തൊഴിലാളികളിൽനിന്നും, അവർക്കു് ജോലി കൊടുക്കുന്നവരിൽനിന്നും സംഭാവനകൾ പിരിച്ചു് നടത്താൻ പ്രയാസമായതുകൊണ്ടുമാണു് തൽക്കാലം അതേക്കുറിച്ചു് ആലോചിക്കാത്തതു്. പിന്നീടു് ആലോചിക്കാമെന്നുള്ളതാണു് അതിൽ അന്തർലീനമായിട്ടുള്ള കാര്യം.

LIBRARY ARCHIVES Kerala Legislative Assembly